ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:17.04.2025**

## പ്രധാനവാർത്തകൾ

1. വഖഫ് നിയമ ഭേദഗതിക്കെതിരായ ഹർജികളിൽ സുപ്രീം കോടതിയിൽ ഇന്നും വാദം തുടരും.

2. മണൽ നീക്കുവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മുതലപ്പൊഴിയിൽ മത്സ്യതൊഴിലാളികളുടെ കനത്ത പ്രതിഷേധം. ഹാർബർ എഞ്ചിനീയറിങ് വിഭാഗം നടത്തിയ ചർച്ച പരാജയം.

3. സിനിമാ സെറ്റിലെ ലഹരി ഉപയോഗം സംബന്ധിച്ച നടിയുടെ വെളിപ്പെടുത്തലിൽ അന്വേഷണം നടത്തുമെന്ന് മന്ത്രി എം.ബി രാജേഷ്.

4. അന്ത്യത്താഴ സ്മരണയിൽ ക്രൈസ്തവർ ഇന്ന് പെസഹാ ആചരിക്കുന്നു. നാളെ ദുഃഖ വെള്ളി.

5. സംസ്ഥാനത്ത് ആധാരങ്ങളുടെ അണ്ടർവാല്യുവേഷൻ കേസുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഡിസംബർ 31 വരെ നീട്ടി.

6. കണ്ണൂർ നിയമസഭാ മണ്ഡലത്തെ സമ്പൂർണ വായനശാലാ മണ്ഡലമായി ഇന്ന് പ്രഖ്യാപിക്കും.

*************************

RNU TVPM

## വഖഫ്-സുപ്രീംകോടതി

വഖഫ് നിയമ ഭേദഗതിക്കെതിരായ ഹർജികളിൽ സുപ്രീം കോടതിയിൽ ഇന്നും വാദം തുടരും. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന ഉൾപ്പെട്ട മൂന്നംഗ ബെഞ്ചാണ് ഹർജികൾ ഉച്ചയ്ക്ക് ശേഷം പരിഗണിക്കുന്നത്. കോടതി വഴിയോ ഉപയോഗം വഴിയോ വഖഫായ സ്വത്തുക്കൾ വഖഫ് പട്ടികയിൽ നിന്ന് ഒഴിവാക്കാൻ പാടില്ലെന്ന് ഇന്നലെ ഹർജികൾ പരിഗണിക്കവെ സുപ്രീംകോടതി നിരീക്ഷിച്ചു.

************************

## മുതലപ്പൊഴി പ്രതിഷേധം

പൊഴിമുഖത്തെ മണൽ നീക്കുന്നതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മുതലപ്പൊഴിയിൽ മത്സ്യതൊഴിലാളികളുടെ കനത്ത പ്രതിഷേധം. പ്രതിഷേധത്തെത്തുടർന്ന് മുതലപ്പൊഴിയിൽ ഡ്രഡ്ജിങ്ങ് ആരംഭിക്കാനായില്ല. ഹാർബർ എഞ്ചിനീയറിങ് വിഭാഗം മത്സ്യതൊഴിലാളികളുമായി നടത്തിയ ചർച്ച പരാജയപ്പെട്ടു. പൊഴി മുറിക്കാൻ എത്തിയ ഹാർബർ എഞ്ചിനീയറിങ് വിഭാഗത്തെ മത്സ്യതൊഴിലാളികൾ തടഞ്ഞു. തുടർന്ന് പ്രദേശത്ത് സംഘർഷാവസ്ഥയുണ്ടായി. മണൽ പൂർണമായും നീക്കിയ ശേഷം മാത്രം പൊഴി മുറിച്ചാൽ മതിയെന്നാണ് മത്സ്യ തൊഴിലാളികളുടെ ആവശ്യം.

************************

## എം ബി രാജേഷ്... (ഇൻട്രോ)

സിനിമാ സെറ്റിലെ ലഹരി ഉപയോഗം സംബന്ധിച്ച് നടിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുമെന്ന് എക്സൈസ് മന്ത്രി എം.ബി രാജേഷ്. ഈ വിഷയത്തെ വളരെ ഗൗരവത്തോടെയാണ് എക്സൈസ് വകുപ്പ് കാണുന്നതെന്നും പറഞ്ഞു.

RNU TVPM

(വോയിസ്)

************************

## നടി - പരാതി

നടി വിൻസി അലോഷ്യസ് നൽകിയ പരാതി ചർച്ച ചെയ്യാൻ മോണിറ്ററിംഗ് സമിതി ചേരുമെന്ന് ഫിലിം ചേംബർ ഭാരവാഹികൾ അറിയിച്ചു. പരാതി ഇന്ന് രാവിലെ ലഭിച്ചതായി അമ്മ നിർവാഹക സമിതി അംഗം വിനു മോഹൻ അറിയിച്ചു. മൂന്നംഗ സമിതി രൂപീകരിച്ച് അന്വേഷിക്കുമെന്നും തുടർ നടപടികൾ പിന്നീട് തീരുമാനിക്കുമെന്നും അദ്ദേഹം പറഞ്ഞു.

************************

## വായനശാലാ മണ്ഡലം-കണ്ണൂർ (ഇൻട്രോ)

PNUTVPM

കണ്ണൂർ നിയമസഭാ മണ്ഡലത്തെ സമ്പൂർണ വായനശാലാ മണ്ഡലമായി മന്ത്രി വി.എൻ വാസവൻ ഇന്ന് പ്രഖ്യാപിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ**

(വോയ്സ്)

************************

## നാലാം വാർഷികം

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിങ്കളാഴ്ച കാസർഗോഡ് നിർവഹിക്കും. രാവിലെ നടക്കുന്ന ചടങ്ങിൽ മന്ത്രി കെ രാജൻ അധ്യക്ഷത വഹിക്കും. ഏപ്രിൽ 21 മുതൽ മെയ് 30 വരെ

വിപുലമായ പരിപാടികളോടെയാണ് വാർഷികാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നത്.

*************************

## കാലാവധി ദീർഘിപ്പിച്ചു

ആധാരങ്ങളിൽ വിലകുറച്ച് രജിസ്റ്റർ ചെയ്യതായി റിപ്പോർട്ട് ചെയ്യ അണ്ടർവാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി ഡിസംബർ 31 വരെ ദീർഘിപ്പിച്ച് ഉത്തരവായി. 1986 മുതൽ 2017 മാർച്ച് വരെയും 2017 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുമുള്ള ആധാരങ്ങളാണ് പരിഗണിക്കുന്നത്.

*************************

## വഖഫ് - ലക്ഷദ്വീപ്

വഖഫ് ഭേദഗതി നിയമത്തിൻറെ ഭരണഘടനാപരമായ സാധുത ചോദ്യം ചെയ്യ് ലക്ഷദ്വീപ് എം.പി ഹംദുള്ളാ സഈദ് സുപ്രീം കോടതിയിൽ റിട്ട് ഹർജി നൽകി. ഭരണഘടനയിലെ അഞ്ച്, ആറ് ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന ഭൂമിശാസ്ത്രപരമായി പട്ടിക വർഗ്ഗമായി പ്രഖ്യാപിച്ച പ്രദേശങ്ങളിലെ ജനങ്ങൾക്ക് അവരുടെ വസ്തുക്കൾ വഖഫ് ചെയ്യാനുള്ള അവകാശം പുതിയ ഭേദഗതിയിലൂടെ നിഷേധിക്കുകയാണെന്ന് ഹർജിയിൽ പറയുന്നു.

*************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.....

*************************

RNUTVPM

## പെസഹ

ലോകമെങ്ങുമുള്ള ക്രൈസ്തവർ ഇന്ന് പെസഹാ ആചരിക്കുന്നു. അന്ത്യത്താഴ വേളയിൽ യേശു ശിഷ്യന്മാരുടെ കാലുകൾ കഴുകിയതിൻറെ ഓർമ്മ പുതുക്കൽ കൂടിയാണ് പെസഹ. ദേവാലയങ്ങളിൽ വിശുദ്ധ കുർബാനയ്ക്കു പുറമേ ഇന്ന് പ്രത്യേക പ്രാർത്ഥനകളും കാൽ കഴുകൽ ശുശ്രൂഷയും നടക്കും. യേശുക്രിസ്തുവിൻറെ പീഡാനുഭവത്തിൻറെ ഓർമ്മ പുതുക്കി നാളെ ദു:ഖ വെള്ളി ആചരിക്കും. ഇതിൻറെ ഭാഗമായി വിവിധ ക്രൈസ്തവ വിഭാഗങ്ങളുടെ നേതൃത്വത്തിൽ കുരിശിൻറെ വഴി സംഘടിപ്പിക്കും.

***********************

## കുരിശുമല തീർത്ഥാടനം

68-ാമത് തെക്കൻ കുരിശുമല തീർത്ഥാടനത്തിൻറെ രണ്ടാംഘട്ടം ഇന്നും നാളെയുമായി നടക്കും. എട്ട് ദിവസമായി ആദ്യഘട്ട തീർത്ഥാടനം ഈ മാസം ആറിന് സമാപിച്ചിരുന്നു. സംഗമവേദിയിൽ നടന്ന ദിവ്യബലിക്ക് ശേഷം രണ്ടാം ഘട്ടത്തിന് ഇന്ന് തുടക്കമായി.

RNUTVPM

***********************

## തേക്കടി പുഷ്പോത്സവം .. (ഇൻട്രോ)

സസ്യജാലങ്ങളുടെ കലവറയൊരുക്കി 17-ാമത് തേക്കടി പുഷ്പമേള. വിദേശികളടക്കം ആയിരക്കണക്കിന് ആളുകാണ് പുഷ്പമേള കാണാൻ എത്തുന്നത്.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...

(വോയ്സ് )

***********************

## ആകാശവാണി സംഗീതോത്സവം

ആകാശവാണി തിരുവനന്തപുരം നിലയം സംഘടിപ്പിച്ച മൂന്ന് ദിവസത്തെ സ്വാതി തിരുനാൾ സംഗീതോത്സവത്തിന് ഇന്ന് സമാപനമാകും. കിഴക്കേക്കോട്ട കാർത്തിക തിരുന്നാൾ ഓഡിറ്റോറിയത്തിൽ നടക്കുന്ന സംഗീതോത്സവത്തിൽ ഇന്ന് ഡോ. ശ്രീവത്സൻ ജെ മേനോൻ, ആവണീശ്വരം എസ് ആർ വിനു, ഉഡുപ്പി എസ് ശ്രീധർ എന്നിവർ കച്ചേരി അവതരിപ്പിക്കും. ശ്രീ സ്വാതി തിരുനാൾ സംഗീത സഭയുടെ സഹകരണത്തോടെയാണ് സംഗീതോത്സവം സംഘടിപ്പിക്കുന്നത്.

***********************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ് ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. രാത്രി 7.30 ന് മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം.

RNU TVPM

***********************

## പ്രധാനമന്ത്രി - ശ്രദ്ധാഞ്ജലി

മുൻ പ്രധാനമന്ത്രി ചന്ദ്രശേഖറിൻ്റെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. ദേശ താൽപര്യം പരമപ്രധാനമായി കാത്തുസൂക്ഷിച്ച അദ്ദേഹം സാമൂഹിക സൗഹാർദ്ദത്തിനും രാഷ്ട്രനിർമ്മാണത്തിനും വേണ്ടി നടത്തിയ ശ്രമങ്ങൾ എക്കാലവും ഓർമ്മിക്കപ്പെടുമെന്ന് ശ്രീ നരേന്ദ്ര മോദി സമൂഹ മാധ്യമമായ എക്സിൽ കുറിച്ചു.

***********************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തോടെ വ്യാപാരം പുരോഗമിക്കുന്നു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 860 പോയിൻറ് ഉയർന്ന് 77,932 ലും, ദേശീയ സൂചിക നിഫ്റ്റി 237 പോയിൻറ് ഉയർന്ന് 23,679 ലും വ്യാപാരം തുടരുന്നു. സ്വർണ്ണം ഗ്രാമിന് 105 രൂപ വർദ്ധിച്ച് 8,920 യും , പവന് 71,360 രൂപയുമാണ് ഇന്നത്തെ വില.

*************************

## റോബർട്ട് വാദ്ര

ഹരിയാനയിലെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ മുതിർന്ന കോൺഗ്രസ് നേതാവ് പ്രിയങ്കാ ഗാന്ധിയുടെ ഭർത്താവ് റോബർട്ട് വാദ്രയെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് ഇന്നും ചോദ്യം ചെയ്യുന്നു. വാദ്രയുടെ കമ്പനി ഗുരുഗ്രാമിൽ ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ടാണ് കേസ്. കഴിഞ്ഞ രണ്ട് ദിവസമായി വാദ്രയെ ചോദ്യം ചെയ്യുകയാണ്.

RNUTVPM

*************************

## യു ജി സി - നെറ്റ്

ഈ വർഷം ജൂണിൽ നടക്കുന്ന യു ജി സി നെറ്റ് പരീക്ഷയ്ക്ക് നാഷണൽ ടെസ്റ്റിംഗ് ഏജൻസി അപേക്ഷ ക്ഷണിച്ചു. ugcnet.nta.ac.in എന്ന വെബ്സൈറ്റിൽ അടുത്ത മാസം ഏഴ് വരെ അപേക്ഷ സമർപ്പിക്കാം. ഓൺലൈൻ അപേക്ഷകൾ മാത്രമെ സ്വീകരിക്കു.

*************************

## ഹീമോഫിലിയ ദിനം

ഇന്ന് ലോക ഹീമോഫീലിയ ദിനം. ഹീമോഫീലിയയ്ക്കും മറ്റ് രക്ത സംബന്ധമായ അസുഖങ്ങൾക്കുമെതിരെയുള്ള അവബോധന ത്തിനാണ് ദിനാചരണം. 1989 മുതൽ വേൾഡ് ഫെഡറേഷൻ ഓഫ് ഹീമോഫീലിയാണ് ദിനാചരണം സംഘടിപ്പിക്കുന്നത്.

************************

## കോട്ടയം പി ടി സി നിയമനം

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ എടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് prasarbharati.gov.in/pbvacancies/ എന്ന വെബ് സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മേയ് 30. വിശദവിവരങ്ങൾക്ക് തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ 0471-2324983 എന്ന നമ്പറിൽ ബന്ധപ്പെടുക. Email id: airnewstvpm@gmail.com

RNU TVPM

************************

## ഷൂട്ടിംഗ് ലോക കപ്പ്

പെറുവിലെ ലിമയിൽ നടക്കുന്ന ISSF ഷൂട്ടിംഗ് ലോക കപ്പിൽ 10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീം ഇനത്തിൽ ഇന്ത്യക്ക് സ്വർണ്ണം. ഇന്ത്യൻ ജോഡിയായ ഇന്ദർ സിംഗ് സുരുച്ചിയും സൗരഭ് ചൗധരിയുമാണ് ചൈനീസ് ടീമിനെ പരാജയപ്പെടുത്തിയത്. ഇന്ന് നടക്കുന്ന സ്കീറ്റ് വനിതാ ഫൈനലിൽ ഇന്ത്യയുടെ റൈസ ധില്ലൺ മത്സരിക്കും.

************************************************************************